(എ) ആറ്റിങ്ങലിൽ 33 കെ.വി സബ്സ്റ്റേഷൻ സ്ഥാപിക്കുന്ന പദ്ധതിയുടെ നടപടി ക്രമങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ ;

(ബി) പ്രസ്തുത പദ്ധതി എന്ന് പ്രവർത്തനക്ഷമമാക്കുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത് ?

# കേരള നിയമസഭ
## 18.12.2012-ലെ മറുപടിക്ക്

ട്രെയിൻ യാത്രക്കാരായ വനിതകൾക്ക് സുരക്ഷ ഉറപ്പാക്കൽ

2199 ശ്രീ. റ്റി. എ. അഹമ്മദ് കബീർ
,, പി. കെ. ബഷീർ
,, സി. മമ്മൂട്ടി
,, കെ. എം. ഷാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ട്രെയിൻ യാത്രക്കാരുടെ സുരക്ഷയ്ക്കായി എന്ത് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടെന്ന് വിശദമാക്കുമോ;

(ബി) വനിതകൾ യാത്രയ്ക്കിടയിൽ ആക്രമിക്കപ്പെടുന്ന സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) മദ്യപിച്ച യാത്രക്കാരാണ് ഇത്തരം സംഭവങ്ങൾക്ക് കാരണക്കാരാകുന്നതെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിനെതിരെ എന്ത് നടപടി സ്വീകരിക്കുന്നുണ്ട്;

(ഡി) കുറ്റകൃത്യങ്ങളിൽ റെയിവേ ജീവനക്കാർക്ക് പങ്കുള്ളതായ ആരോപണങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈ വിഷയത്തിൽ സംസ്ഥാന സർക്കാരിന്റെ പരിധിയിൽ എന്ത് നടപടികൾ സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ?

## കേരള നിയമസഭ
## 18.12.2012-ലെ മറുപടിക്ക്

ട്രെയിനിന്റെ ബോഗി ഇളകി പാളത്തിൽ മറിഞ്ഞ സംഭവം

2200 ശ്രീ. റോഷി അഗസ്റ്റിൻ
ഡോ. എൻ. ജയരാജ്
ശ്രീ. എം.വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ റെയിൽവെ സ്റ്റേഷനിൽ പാസഞ്ചർ ട്രെയിനിന്റെ ബോഗി ഇളകി പാളത്തിൽ മറിഞ്ഞ സംഭവം കണക്കിലെടുത്ത് കേരളത്തിൽ ഓടുന്ന ട്രെയിനുകളുടെ കോച്ചുകളുടെ സുരക്ഷിതത്വം ഉറപ്പാക്കാൻ എന്തെല്ലാം നടപടികളാണ് കൈക്കൊള്ളുക;

(ബി) ട്രെയിനുകളിൽ ഉപയോഗിക്കുന്ന കോച്ചുകളുടെ പരമാവധി ആയുർദൈർഘ്യം എത്രയാണെന്ന് അറിവുണ്ടോ ;വ്യക്തമാക്കുമോ;

(സി) കേരളത്തിൽ ഓടുന്ന ട്രെയിനുകളിലെ കോച്ചുകളിൽ അറ്റകുറ്റപ്പണികൾ ആവശ്യമായവ കണ്ടെത്തുന്നതിനും നീക്കം ചെയ്യേണ്ടവ അടിയന്തിരമായി നീക്കം ചെയ്യുന്നതിനുമുള്ള നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 18.12.2012-ലെ മറുപടിക്ക്

<u>സംസ്ഥാനത്തിന് അലോട്ട് ചെയ്യുന്ന റെയിൽ കോച്ചുകളുടെ ശോചനീയാവസ്ഥ</u>

2201 ശ്രീ. എ. കെ. ശശീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന് അലോട്ട് ചെയ്യുന്ന റെയിൽവേ കോച്ചുകളുടെ ശോചനീയാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇക്കാര്യം കേന്ദ്ര റെയിൽവേ മന്ത്രാലയത്തിന്റെ ശ്രദ്ധയിൽപ്പെടുത്തുമോ;

(സി) ചെന്നൈയിലേക്ക് അറ്റകുറ്റപ്പണിക്ക് അയക്കുന്ന കോച്ചുകൾ നന്നാക്കി തിരികെ ലഭിക്കുമ്പോൾ വളരെ പഴക്കം ചെന്നവയാണ് ലഭിക്കുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യം കേന്ദ്ര ഗവൺമെന്റിന്റെ അടിയന്തിര ശ്രദ്ധയിൽ കൊണ്ടുവരുമോയെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 18.12.2012-ലെ മറുപടിക്ക്

<u>കേരളത്തിലെ റെയിൽവേയുടെ അടിസ്ഥാന വികസനം</u>

2202 ശ്രീ. കെ. സുരേഷ്കുറുപ്പ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ റെയിൽവേയുടെ അടിസ്ഥാന വികസനത്തിന് ഫണ്ട് അനുവദിക്കുന്നതിനായി സംസ്ഥാന സർക്കാർ എതുവരെ എന്തെല്ലാം നടപടി സ്വീകരിച്ചു;

(ബി) നേമത്തും കോട്ടയത്തും അനുവദിച്ച പാസഞ്ചർ ടെർമിനലുകളുടെ നിർമ്മാണം ബജറ്റിൽ തുക വകയിരുത്താത്തത് മൂലം മുടങ്ങിക്കിടക്കുന്നത് കേന്ദ്ര സർക്കാരിനെ അറിയിക്കുവാനും അടുത്ത ബജറ്റിൽ തുക ഉൾപ്പെടുത്തി ഫണ്ട് അനുവദിപ്പിക്കാനും നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 18.12.2012-ലെ മറുപടിക്ക്

<u>റെയില്‍വേ റിസര്‍വേഷന്‍ കൗണ്ടര്‍</u>

2203 ശ്രീമതി കെ.കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഊര്‍ജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) റെയില്‍വേ റിസര്‍വേഷന്‍ കൗണ്ടറുകള്‍ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങള്‍ എന്താണെന്ന് വ്യക്തമാക്കുമോ ;

(ബി) മലയോര നഗരമായ കുറ്റ്യാടിയില്‍ റയില്‍വേ റിസര്‍വേഷന്‍ കൗണ്ടര്‍ സ്ഥാപിക്കുന്നതിന് സംസ്ഥാന സര്‍ക്കാര്‍ നടപടികള്‍ സ്വീകരിക്കുമോ ?

## കേരള നിയമസഭ
## 18.12.2012-ലെ മറുപടിക്ക്

<u>കൊച്ചി മെട്രോ</u>

2204 ശ്രീ. എ. കെ. ബാലൻ
,, ജി. സുധാകരൻ
,, കെ. സുരേഷ് കുറുപ്പ്
,, സാജു പോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊച്ചി മെട്രോയുടെ അനിശ്ചിതത്വം ഇപ്പോഴും തുടരുന്നുണ്ടോ; ഏറ്റവും ഒടുവിലത്തെ സ്ഥിതി വിശദമാക്കാമോ; നിർമ്മാണം വൈകുന്ന ഓരോ ദിവസവും അധിക ചെലവ് എത്രയായിരിക്കുമെന്ന് കണക്കാക്കപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) മെട്രോ നിർമ്മാണം ഡി.എം.ആർ.സി.യെ ഏല്പിക്കാൻ കാബിനറ്റ് തീരുമാനം എടുത്തിരുന്നുവോ; എങ്കിൽ അക്കാര്യം കേന്ദ്രസർക്കാരിനെയും ഡി.എം.ആർ.സിയേയും സർക്കാർ ഉത്തരവിലൂടെ അറിയിക്കുകയുണ്ടായോ; എങ്കിൽ തീരുമാനം എടുത്ത് എത്ര ദിവസത്തിനകം; ഇല്ലെങ്കിൽ കാരണമെന്ത്;

(സി) സംസ്ഥാന സർക്കാരിന് ഭൂരിപക്ഷമുള്ള കൊച്ചിമെട്രോ ഡയറക്ടർ ബോർഡ് യോഗം മെട്രോയുടെ നിർമ്മാണം ആരെയെങ്കിലും ഏല്പിക്കണമെന്ന് തീരുമാനിച്ചിരുന്നുവോ; വായ്പയ്ക്ക് ജൈക്കയെ അല്ലാതെ മറ്റ് ഏജൻസികളേയും കണ്ടെത്താൻ ബോർഡ് യോഗം തീരുമാനിച്ചിട്ടുണ്ടോ;

(ഡി) മെട്രോ സംബന്ധമായി സർക്കാർ പ്രഖ്യാപനങ്ങളും പ്രവൃത്തികളും തമ്മിൽ വ്യത്യാസം വരുന്നത് എന്തുകൊണ്ടാണെന്നും നിലപാടിന് വിരുദ്ധമായി പ്രവർത്തിച്ചവർക്കെതിരെ എന്ത് നടപടി സ്വീകരിക്കുകയുണ്ടായെന്നും വിശദമാക്കാമോ?

# കേരള നിയമസഭ
## 18.12.2012-ലെ മറുപടിക്ക്

കൊച്ചി മെട്രോ റെയിൽ പദ്ധതി-കോഴിക്കോട്-
തിരുവനന്തപുരം മോണോ റെയിൽ പദ്ധതികൾ

2205 ശ്രീ. തോമസ് ചാണ്ടി
,, എ. കെ. ശശീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊച്ചി മെട്രോ റെയിൽ പദ്ധതി, കോഴിക്കോട്-തിരുവനന്തപുരം മോണോ റെയിൽ പദ്ധതികൾ- നടപ്പിലാക്കുന്നതിനായി ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) കൊച്ചി മെട്രോ റെയിൽ പദ്ധതി നടപ്പിലാക്കുന്നതിന് ഡി.എം.ആർ.സി യും കെ.എം.ആർ.എൽ ലും തമ്മിൽ എന്തെങ്കിലും കരാറിൽ എത്തിയിട്ടുണ്ടോ;

(സി) സമയബന്ധിതമായി കൊച്ചി റെയിൽ പ്രോജക്ട് ഡിഎംആർസി യെ ഏല്പിക്കുന്നതിന് വേണ്ട എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ;

(ഡി) മോണോ റെയിൽ പദ്ധതിയ്ക്ക് ആഗോള ടെൻഡർ ക്ഷണിക്കുവാനാണോ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 18.12.2012-ലെ മറുപടിക്ക്

<u>കൊച്ചി മെട്രോ കമ്പനി</u>

2206 ശ്രീ. കെ. സുരേഷ് കുറുപ്പ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊച്ചി മെട്രോ കമ്പനിയുടെ മുൻ എം.ഡി.യായിരുന്ന ശ്രീ. ടോം ജോസ്, ഐ.എ.എസ്. കൊച്ചി മെട്രോ നടത്തിപ്പിലെ ശ്രീ. ഇ. ശ്രീധരന്റെ പങ്കും, ഡി.എം.ആർ.സി.യുമായുള്ള ബന്ധവും മറ്റും ആരാഞ്ഞുകൊണ്ട് ഡി.എം.ആർ.സി. ചെയർമാന് അയച്ച കത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) ശ്രീ. ടോം ജോസ് അയച്ച കത്ത് സർക്കാരിന്റെ അറിവോടുകൂടിയാണോ; പ്രസ്തുത കത്ത് സർക്കാർ ഇതിനകം പിൻവലിച്ചിട്ടുണ്ടോ;

(സി) കൊച്ചി മെട്രോ കമ്പനി ഇത്തരമൊരു കത്തയയ്ക്കാൻ ശ്രീ. ടോം ജോസിനെ ചുമതലപ്പെടുത്തിയിട്ടുണ്ടായിരുന്നുവോ; വിശദമാക്കുമോ?

# കേരള നിയമസഭ
## 18.12.2012-ലെ മറുപടിക്ക്

<u>കൊച്ചി മെട്രോ പദ്ധതി സംബന്ധിച്ച് ഗവൺമെന്റ് ചീഫ് വിപ്പിന്റെ നിലപാട്</u>

2207 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊച്ചി മെട്രോ പദ്ധതി സംബന്ധിച്ച് ഗവൺമെന്റ് ചീഫ് വിപ്പ് ശ്രീ. പി. സി. ജോർജ് ലേഖനത്തിലൂടെയും പ്രസ്താവനകളിലൂടെയും വെളിപ്പെടുത്തിയ നിലപാടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അദ്ദേഹം വെളിപ്പെടുത്തിയ നിലപാടുകൾ സർക്കാരിന്റെ അറിവോടുകൂടിയുള്ളതാണോ;

(ബി) ഗവൺമെന്റ് ചീഫ് വിപ്പ് നടത്തുന്ന മെട്രോ റെയിൽ സംബന്ധിച്ച പ്രസ്താവനകൾ എല്ലാം സർക്കാർ നിലപാടുകളായി കരുതാമോ എന്നറിയിക്കുമോ?

# കേരള നിയമസഭ
# 18.12.2012-ലെ മറുപടിക്ക്

<u>കൊച്ചി മെട്രോ റെയിൽ പദ്ധതി</u>

2208 ഡോ. കെ.ടി. ജലീൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊച്ചി മെട്രോ റെയിൽ പദ്ധതി എന്നാരംഭിക്കുമെന്ന് വ്യക്തമാക്കുമോ;

(ബി) പദ്ധതിയുടെ നിർമ്മാണച്ചുമതല പൂർണ്ണമായും ശ്രീ. ഇ. ശ്രീധരനും ഡി.എം.ആർ.സി. ക്കും നൽകിയിട്ടുണ്ടോ; അവർ അത് ഏറ്റെടുത്തിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) ഇല്ലെങ്കിൽ അതിനുള്ള തടസ്സങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 18.12.2012-ലെ മറുപടിക്ക്

<u>'മെട്രോ റെയിൽ - നിർമ്മാണ പ്രവർത്തനങ്ങൾ'</u>

2209 ശ്രീ. ഹൈബി ഈഡൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മെട്രോ റെയിലുമായി ബന്ധപ്പെട്ട് സംസ്ഥാന സർക്കാർ നടത്താനുദ്ദേശിച്ചിരുന്ന നിർമ്മാണ പ്രവർത്തനങ്ങൾ എന്തെല്ലാം ; വിശദമാക്കുമോ;

(ബി) ഇവയോരോന്നും ഇപ്പോൾ ഏത് ഘട്ടത്തിലാണ് ;

(സി) ഇവ എപ്പോൾ പൂർത്തിയാക്കുവാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത് ?

# കേരള നിയമസഭ
# 18.12.2012-ലെ മറുപടിക്ക്

<u>ട്രെയിനുകൾ വഴിയിൽ പിടിച്ചിടുന്നത് സംബന്ധിച്ച്</u>

2210 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ റൂട്ടിൽ ഓടുന്ന ട്രെയിനുകൾ മണിക്കൂറുകളോളം വഴിയിൽ പിടിച്ചിട്ട് യാത്രക്കാരെ ബുദ്ധിമുട്ടിക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ട്രാക്ക് മാറ്റത്തിന് മൂന്നോ നാലോ മിനിറ്റുകൾ നഷ്ടപ്പെടുമെന്ന കാരണം പറഞ്ഞ് അകലെയുള്ള പ്ളാറ്റ്ഫോമുകളിൽ നിർത്തുന്ന വിഷയം ബോദ്ധ്യപ്പെട്ടിട്ടുണ്ടോ;

(സി) ഈ ബുദ്ധിമുട്ടുകൾ ഒഴിവാക്കുവാൻ റെയിൽവേ സംവിധാനം പുന:പരിശോധിക്കുവാൻ കേന്ദ്ര സർക്കാരിനോട് രേഖാമൂലം ആവശ്യപ്പെടുമോ?

**കേരള നിയമസഭ**
**18.12.2012-ലെ മറുപടിക്ക്**

<u>വേളാങ്കണ്ണിയിലേക്ക് ട്രെയിൻ സർവ്വീസ്</u>

2211 ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചരിത്ര പ്രസിദ്ധ തീർത്ഥാടന കേന്ദ്രമായ വേളാങ്കണ്ണിയിലേയ്ക്ക് കണ്ണൂരിൽ നിന്നും ട്രെയിൻ സർവ്വീസ് അനുവദിക്കുവാൻ കേന്ദ്ര റെയിൽവേ മന്ത്രാലയത്തോട് ആവശ്യപ്പെടുമോ ;

(ബി) ആഴ്ചയിൽ ഒരിക്കൽ മാത്രം സർവ്വീസ് നടത്തുന്ന മംഗലാപുരം -ട്രിച്ചി ട്രെയിൻ വേളാങ്കണ്ണി - നാഗൂർ വരെ നീട്ടുവാൻ കേന്ദ്ര റെയിൽവേ മന്ത്രാലയത്തോട് ആവശ്യപ്പെടുമോ ?

# കേരള നിയമസഭ
# 18.12.2012-ലെ മറുപടിക്ക്

<u>ചേർത്തല വാഗൺ ഫാക്ടറി</u>

2212 ശ്രീ. എ. എം. ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചേർത്തല വാഗൺ ഫാക്ടറിക്കായി മുൻ സർക്കാരിന്റെ കാലത്ത് എന്തെല്ലാം നടപടിക്രമങ്ങൾ പൂർത്തീകരിച്ചിരുന്നുവെന്ന് വ്യക്തമാക്കുമോ;

(ബി) നിർദ്ദിഷ്ട വാഗൺ ഫാക്ടറി സ്ഥാപിക്കുന്നത് സംബന്ധിച്ച കേന്ദ്ര സർക്കാരിന്റെ ഇപ്പോഴത്തെ തീരുമാനങ്ങൾ എന്തെല്ലാമാണ്;

(സി) ഇത് സംബന്ധിച്ച് സംസ്ഥാന സർക്കാരുമായി കേന്ദ്രം ചർച്ച ചെയ്തിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ഡി) പ്രസ്തുത സ്ഥാപനം ആരംഭിക്കുന്നതിന് ഇപ്പോൾ എന്ത് നടപടികളാണ് സ്വീകരിച്ചുവരുന്നതെന്നറിയിക്കുമോ?

# കേരള നിയമസഭ
## 18.12.2012-ലെ മറുപടിക്ക്

<u>പെരിനാട് റെയിൽവേസ്റ്റേഷനിലെ ഫുട്ട് ഓവർബ്രിഡ്ജ്</u>

2213 ശ്രീ. പി.കെ.ഗുരുദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊല്ലം പെരിനാട് റെയിൽവേ സ്റ്റേഷന്റെ ഫുട്ട് ഓവർ ബ്രിഡ്ജ് തകർന്ന് ഒന്നരവർഷമായിട്ടും പ്രസ്തുത ബ്രിഡ്ജ് പുതുക്കി പണിതിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇവിടുത്തെ പ്ലാറ്റ്ഫോം ഉയരം കുറഞ്ഞതായതു കൊണ്ട് യാത്രക്കാർക്ക് അപകടങ്ങൾ സംഭവിക്കുന്ന തൊഴിവാക്കാൻ പ്ലാറ്റ് ഫോം പുതുക്കി നിർമ്മിക്കാനുള്ള നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 18.12.2012-ലെ മറുപടിക്ക്

<u>ഗതാഗത നയം</u>

2214 ശ്രീ. വര്‍ക്കല കഹാര്‍
,, വി. റ്റി. ബല്‍റാം
,, വി. പി. സജീന്ദ്രന്‍
,, അന്‍വര്‍ സാദത്ത്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഊര്‍ജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഗതാഗതനയത്തിന്റെ കരട് തയ്യാറാക്കിയിട്ടുണ്ടോ ;

(ബി) ഇതിന്റെ പ്രത്യേകതകളും ഉദ്ദേശലക്ഷ്യങ്ങളും എന്തൊക്കെയാണ് ;

(സി) ആധുനികവും കാര്യക്ഷമവും സുരക്ഷിതവും പരിസ്ഥിതി സൗഹാര്‍ദ്ദവുമായ ഗതാഗത സംവിധാനം ആവിഷ്ക്കരിക്കാന്‍ എന്തെല്ലാം കാര്യങ്ങളാണ് നയത്തില്‍ ഉള്‍പ്പെടുത്തിയിരിക്കുന്നത് ;

(ഡി) കരട് നയത്തിന്മേല്‍ പൊതുജനങ്ങള്‍ക്കും ബന്ധപ്പെട്ടവര്‍ക്കും അഭിപ്രായങ്ങളും നിര്‍ദ്ദേശങ്ങളും നല്‍കാന്‍ അവസരം നല്‍കുമോ എന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 18.12.2012-ലെ മറുപടിക്ക്

കെ.എസ്.ആർ.ടി.സി. യിൽ ഇ-ഗവേണൻസ്

2215 ശ്രീ. എ.റ്റി. ജോർജ്
,, ജോസഫ് വാഴക്കൻ
,, വർക്കല കഹാർ
,, തേറമ്പിൽ രാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.യിൽ ഇ-ഗവേണൻസ് നിലവിൽ വന്നിട്ടുണ്ടോ;

(ബി) ആയതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളും പ്രവർത്തനരീതികളുടേയും വിശദാംശം ലഭ്യമാക്കുമോ ;

(സി) എന്തെല്ലാം സൗകര്യങ്ങളാണ് ഇത് വഴി പൊതുജനങ്ങൾക്ക് ലഭിക്കുന്നത് ; വിശദമാക്കുമോ ;

(ഡി) ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് ഇത് നടപ്പാക്കുന്നത്; വിശദമാക്കുമോ ?

# കേരള നിയമസഭ
## 18.12.2012-ലെ മറുപടിക്ക്

<u>കെ.എസ്.ആർ.ടി.സി. യിൽ ജി.പി.എസ്. സംവിധാനം</u>

2216 ശ്രീ. പാലോട് രവി
'' ഷാഫി പറമ്പിൽ
'' ഐ.സി. ബാലകൃഷ്ണൻ
'' എ.പി. അബ്ദുള്ളക്കുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.യിൽ ജി.പി.എസ്. സംവിധാനം ഏർപ്പെടുത്താവാനുദ്ദേശിക്കുന്നുണ്ടോ ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണ് എന്ന് വിശദീകരിക്കുമോ ;

(സി) പ്രസ്തുത സംവിധാനം വഴി ബസ്സുകളുടെയും ഓഫീസുകളുടെയും കാര്യക്ഷമത എത്രമാത്രം മെച്ചപ്പെടുത്താനാകും ; വിശദമാക്കുമോ ?

# കേരള നിയമസഭ
## 18.12.2012-ലെ മറുപടിക്ക്

<u>കെ.എസ്.ആർ.ടി.സി.യുടെ ആധുനികവൽക്കരണം</u>

2217 ശ്രീ. കെ.വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. പ്രതിദിനം ലാഭത്തിലാണോ പ്രവർത്തിക്കുന്നതെന്ന് വ്യക്തമാക്കുമോ; അല്ലെങ്കിൽ വിശദാംശം നൽകുമോ;

(ബി) നഷ്ടത്തിലാണെങ്കിൽ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ലാഭത്തിലാക്കാൻ സ്വീകരിച്ച നടപടികളുടെ വിശദാംശം നൽകുമോ;

(സി) കെ.എസ്.ആർ.ടി.സി.യുടെ മോഡണൈസേഷൻ സംബന്ധിച്ച എന്തെങ്കിലും ശാസ്ത്രീയ പഠനം സർക്കാർ നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ പ്രായോഗികവും സമഗ്രവുമായ ഒരുപഠനം നടത്തി കെ.എസ്.ആർ.ടി.സി. യെ പുരോഗതിയിലേയ്ക്ക് നയിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) കെ.എസ്.ആർ.ടി.സി. നഷ്ടത്തിലാണെങ്കിൽ ആയതിന്റെ കാരണങ്ങളുടെ വിവരം നൽകുമോ ?

# കേരള നിയമസഭ
# 18.12.2012-ലെ മറുപടിക്ക്

കെ.എസ്.ആർ.ടി.സി. ബോഡി നിർമ്മാണം

2218 ശ്രീ. മാത്യു റ്റി. തോമസ്
,, ജോസ് തെറ്റയിൽ
ശ്രീമതി ജമീലാ പ്രകാശം
ശ്രീ. സി. കെ. നാണു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ബോഡിനിർമ്മാണം കഴിഞ്ഞ് പുറത്തിറങ്ങുന്ന കെ.എസ്.ആർ.ടി.സി. ബസ്സുകളുടെ എണ്ണത്തിൽ ഗണ്യമായ കുറവു വന്നതിന്റെ കാരണം വ്യക്തമാക്കാമോ ;

(ബി) ഈ സർക്കാർ അധികാരമേറ്റ ശേഷം എത്ര ഷാസികൾ വാങ്ങിയിട്ടുണ്ട്;

(സി) എത്ര നാളുകൾ കൊണ്ട് അവ ബോഡി നിർമ്മിച്ച് പുറത്തിറക്കാൻ കഴിയും എന്ന് വ്യക്തമാക്കാമോ ;

(ഡി) ബോഡി നിർമ്മാണ യൂണിറ്റുകളിൽ തൊഴിൽ ഇല്ലാതായ ജീവനക്കാരെ സംരക്ഷിക്കാൻ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ;

(ഇ) എങ്കിൽ ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ ഏതെല്ലാം ; വിശദമാക്കാമോ ?

# കേരള നിയമസഭ
## 18.12.2012-ലെ മറുപടിക്ക്

<u>നിര്‍ത്തലാക്കിയ സര്‍വ്വീസുകള്‍</u>

2219 ശ്രീ. വി. ചെന്താമരാക്ഷന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഊര്‍ജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഈ സര്‍ക്കാര്‍ അധികാരമേറ്റ ശേഷം സംസ്ഥാനത്ത് എത്ര കെ.എസ്.ആര്‍.ടി.സി. സര്‍വ്വീസുകള്‍ നിര്‍ത്തലാക്കിയിട്ടുണ്ട്;

(ബി) ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ?

**കേരള നിയമസഭ**
**18.12.2012-ലെ മറുപടിക്ക്**

<u>കെ.റ്റി.ഡി.എഫ്.സി നടപ്പിലാക്കുന്ന സല്യൂട്ട് പദ്ധതി</u>

2220 ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
,, സി. പി. മുഹമ്മദ്
,, കെ. ശിവദാസൻ നായർ
,, എം. എ. വാഹീദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.റ്റി.ഡി.എഫ്.സി നടപ്പിലാക്കുന്ന സല്യൂട്ട് പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ;

(ബി) മാതാപിതാക്കൾക്ക് സാമ്പത്തിക സുരക്ഷ ഉറപ്പ് വരുത്തുന്നതിനും തലമുറകളെ പരസ്പരം ബന്ധിപ്പിക്കുന്നതിനും എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) പ്രസ്തുത പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

# കേരള നിയമസഭ
## 18.12.2012-ലെ മറുപടിക്ക്

കെ.എസ്.ആർ.ടി.സി ജീവനക്കാരുടെ ശമ്പള പരിഷ്ക്കരണം

2221 ശ്രീ. കെ. അച്ചുതൻ
,, തേറമ്പിൽ രാമകൃഷ്ണൻ
,, എം. എ. വാഹീദ്
,, സണ്ണി ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി ജീവനക്കാരുടെ ശമ്പളം പരിഷ്ക്കരിക്കുവാൻ തീരുമാനപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇതു സംബന്ധിച്ച കരാറിന് അംഗീകാരം ലഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) കരാറിന് എന്ന് മുതൽക്കാണ് പ്രാബല്യം നൽകുവാനുദ്ദേശിക്കുന്നത്;

(ഡി) ശമ്പള പരിഷ്ക്കരണത്തിലൂടെ എത്ര തുകയുടെ അധിക സാമ്പത്തിക ബാദ്ധ്യതയാണ് കെ.എസ്.ആർ.ടി.സിയ്ക്ക് ഉണ്ടാകുന്നത്; വിശദമാക്കുമോ?

# കേരള നിയമസഭ
## 18.12.2012-ലെ മറുപടിക്ക്

<u>അന്തർ സംസ്ഥാന സർവ്വീസുകൾ</u>

2222 ശ്രീ. കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അന്തർ സംസ്ഥാന ഉടമ്പടികൾ ലംഘിച്ച് തമിഴ്നാട് ട്രാൻസ്പോർട്ട് കോർപ്പറേഷൻ സർവ്വീസുകൾ നടത്തുന്നതായുള്ള വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അതിനെതിരെ സ്വീകരിച്ച നടപടി വിശദമാക്കാമോ;

(സി) അന്തർ സംസ്ഥാന സർവ്വീസ് നടത്തുവാനുണ്ടാക്കിയ കരാറിന്റെയും ബസ് സർവ്വീസുകളുടെയും വിശദാംശങ്ങൾ ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 18.12.2012-ലെ മറുപടിക്ക്

കെ. ടി. ഡി. എഫ്. സി. വായ്പയുടെ വ്യവസ്ഥകൾ

2223 ശ്രീമതി. കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വായ്പയ്ക്ക് കൂടിയ പലിശ നിരക്ക് ഈടാക്കി കേരള ട്രാൻസ്പോർട്ട് ഡെവലപ്മെന്റ് ഫിനാൻസ് കോർപ്പറേഷൻ (കെ. ടി. ഡി. എഫ്. സി) കെ. എസ്. ആർ. ടി. സി. യെ ചൂഷണം ചെയ്യുന്നകാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് കൃത്യമായി പരിശോധിക്കുന്നതിൽ വീഴ്ച വരുത്തിയതു കാരണം കഴിഞ്ഞ 2 വർഷം കൊണ്ട് എത്ര കോടിയുടെ നഷ്ടം സംഭവിച്ചുവെന്ന് ഓഡിറ്റ് പരിശോധനയിൽ കണ്ടെത്തി; വിശദമാക്കുമോ;

(സി) പലിശ ഈടാക്കുന്നതിൽ പ്രസ്തുത രണ്ട് സ്ഥാപനങ്ങൾ തമ്മിലുള്ള വ്യവസ്ഥകൾ എന്തൊക്കെയാണ്; വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത വ്യവസ്ഥകൾ ലംഘിച്ച ഉദ്യോഗസ്ഥർക്കെതിരെ എന്തൊക്കെ നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ;

(ഇ) 2011-12 സാമ്പത്തിക വർഷം കെ. ടി. ഡി. എഫ്. സി. യിൽ നിന്നും കെ. എസ്. ആർ. ടിസി. എത്ര തവണ വായ്പ എടുത്തു; എത്ര ശതമാനം പലിശയാണ് ഈടാക്കേണ്ടിയിരുന്നത്; ഈടാക്കിയ പലിശ നിരക്ക് എത്ര ശതമാനം; ആയതു വഴി കെ. എസ്. ആർ. ടി. സി. ക്ക് വന്ന നഷ്ടം എത്ര; വിശദമാക്കുമോ;

(എഫ്) നടപ്പു സാമ്പത്തിക വർഷം നവംബർ 30 വരെ എന്ത് തുക കെ. ടി. ഡി. എഫ്. സി. യിൽ നിന്നും കെ. എസ്. ആർ. ടി. സി. വായ്പ എടുത്തുവെന്നും ആയതിന് ഈടാക്കിയ പലിശ നിരക്ക് എത്രയെന്നും ആയതുവഴി നഷ്ടം എത്രയെന്നും വ്യക്തമാക്കുമോ;

(ജി) പ്രതിദിനം എത്ര കോടിയുടെ അധിക ബാദ്ധ്യതയാണ് കെ. എസ്. ആർ. ടി. സി. യ്ക്ക് നിലവിൽ ഉണ്ടായിരിക്കുന്നത്; വിശദമാക്കുമോ?

# കേരള നിയമസഭ
## 18.12.2012-ലെ മറുപടിക്ക്

<u>ക്യാൻസർ രോഗികൾക്ക് കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ സൗജന്യ യാത്ര</u>

2224 ശ്രീ. മുല്ലക്കര രത്നാകരൻ
,, പി തിലോത്തമൻ
,, കെ. രാജു
,, ഇ. കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ ഏതെല്ലാം വിഭാഗങ്ങൾക്ക് സൗജന്യ യാത്ര അനുവദിച്ചിട്ടുണ്ട് ; വ്യക്തമാക്കുമോ ;

(ബി) ക്യാൻസർ രോഗികൾക്ക് കെ.എസ്.ആർ.ടി.സി ബസ്സുകളിൽ സൗജന്യ യാത്ര അനുവദിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എത്ര രോഗികൾക്ക് സൗജന്യ പാസ്സ് അനുവദിച്ചിട്ടുണ്ട് ; വെളിപ്പെടുത്തുമോ;

(സി) ക്യാൻസർ രോഗികൾക്ക് പാസ്സ് അനുവദിക്കുന്നതുമൂലമുണ്ടാകുന്ന ചെലവ് വഹിക്കുന്നതിനുള്ള ചുമതല ആർക്കാണ് ; വെളിപ്പെടുത്തുമോ ;

(ഡി) വിവിധ വിഭാഗങ്ങൾക്ക് സൗജന്യ പാസ്സ് അനുവദിക്കുന്നതുമൂലം കെ.എസ്.ആർ.ടി.സി.യ്ക്ക് പ്രതിമാസം എത്ര തുക നഷ്ടം വരുന്നുണ്ട് ; ഇതിൽ എത്ര തുക കെ.എസ്.ആർ.ടി.സി.യ്ക്ക് ലഭിക്കുന്നുണ്ട് ; വിശദമാക്കുമോ ?

# കേരള നിയമസഭ
## 18.12.2012-ലെ മറുപടിക്ക്

<u>വിദ്യാർത്ഥികളുടെ യാത്രാപ്രശ്നങ്ങൾ</u>

2225 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിദ്യാർത്ഥികൾക്ക് കൺസെഷൻ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വിശദീകരിക്കാമോ;

(ബി) ഒഴിവ്ദിവസങ്ങളിൽ സ്പെഷ്യൽ ക്ലാസ്സിന് പോകുന്ന വിദ്യാർത്ഥികൾക്ക് സ്വകാര്യ ബസ്സുകളിൽ കൺസെഷൻ അനുവദിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈ പ്രശ്നം പരിഹരിക്കാൻ സർക്കാർ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ ;

(സി) വിദ്യാർത്ഥികളുടെ യാത്രാ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും കൺസെഷൻ സംബന്ധിച്ച് പരാതികൾ കേൾക്കുന്നതിനും പരിഹരിക്കുന്നതിനും നിലവിലുള്ള സംവിധാനങ്ങൾ എന്തെല്ലാം ?

# കേരള നിയമസഭ
# 18.12.2012-ലെ മറുപടിക്ക്

സ്പെയർ പാർട്സിന്റെ ദൗർലഭ്യം കാരണം സർവ്വീസ് മുടങ്ങുന്നു

2226

ശ്രീ. കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്പെയർപാർട്ട്സുകളുടെ ക്ഷാമം മൂലം കെ.എസ്.ആർ.ടി.സിയുടെ ബസുകൾ കട്ടപ്പുറത്താണെന്നും അതുകാരണം സർവ്വീസുകൾ വ്യാപകമായി മുടങ്ങുന്നതുമായുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇപ്രകാരം സ്പെയർ പാർട്ട്സുകൾ കുറവുവരാനുള്ള കാരണങ്ങൾ എന്തെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത പ്രതിസന്ധി പരിഹരിക്കുവാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

# കേരള നിയമസഭ
## 18.12.2012-ലെ മറുപടിക്ക്

തിരുവനന്തപുരം തമ്പാനൂര്‍ ബസ് സ്റ്റേഷന്റെ
ആധുനികവല്‍ക്കരണവും പുനരുദ്ധാരണവും

2227 ശ്രീ. വി. ശിവന്‍കുട്ടി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഊര്‍ജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) തിരുവനന്തപുരം തമ്പാനൂര്‍ ബസ് സ്റ്റേഷന്റെ ആധുനികവല്‍ക്കരണവും പുനരുദ്ധാരണവും എന്ന് പൂര്‍ത്തീകരിക്കും; വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പ്രവൃത്തി പൂര്‍ത്തീകരിക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങള്‍ ഉണ്ടോ ;

(സി) ഉണ്ടെങ്കില്‍ ആയത് എന്താണെന്നും അതു പരിഹരിക്കുവാന്‍ സ്വീകരിച്ച നടപടി എന്താണെന്നും വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 18.12.2012-ലെ മറുപടിക്ക്

ലോഫ്ളോർ ബസ്സുകൾ

2228 ശ്രീ. എ.എം. ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ലോഫ്ളോർ ബസ്സുകൾ ചേർത്തലവരെ നീട്ടണമെന്ന അരൂർ എം.എൽ.എ.യുടെ ആവശ്യപ്രകാരം എത്ര ലോഫ്ളോർ ബസ്സുകളാണ് ചേർത്തല വരെ നീട്ടിയത്; അവയുടെ സമയ വിവരം ലഭ്യമാക്കാമോ ;

(ബി) ചേർത്തലയിൽ നിന്നും അരൂർ - എറണാകുളത്തേക്ക് അധികമായി ലോഫ്ളോർ സർവ്വീസുകൾ അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 18.12.2012-ലെ മറുപടിക്ക്

കല്‍പ്പറ്റയിലെ കണ്‍സഷന്‍ കൗണ്ടര്‍ മാറ്റാന്‍ നടപടി

2229 ശ്രീ. എം.വി. ശ്രേയാംസ്കുമാര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഊര്‍ജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കെ.എസ്.ആര്‍.ടി.സി കണ്‍സഷന്‍ കാര്‍ഡ് വിതരണം കല്‍പ്പറ്റയിലെ പഴയ ബസ് സ്റ്റാന്‍ഡിലേക്ക് മാറ്റണമെന്നാവശ്യപ്പെട്ട് നിവേദനം ലഭിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) പുതിയ കണ്‍സഷന്‍ കൗണ്ടര്‍ കല്‍പ്പറ്റ ടൗണില്‍ നിന്നും മൂന്ന് കിലോമീറ്റര്‍ അകലെ ആയതുമൂലമുള്ള ബുദ്ധിമുട്ടുകള്‍ ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ ; വ്യക്തമാക്കുമോ ;

(സി) പ്രസ്തുത കൗണ്ടര്‍ കല്‍പ്പറ്റയിലെ പഴയ സ്റ്റാന്‍ഡില്‍ തന്നെ നിലനിര്‍ത്തുവാന്‍ നടപടി സ്വീകരിക്കുമോ ;

# കേരള നിയമസഭ
## 18.12.2012-ലെ മറുപടിക്ക്

പുതുതായി അനുവദിച്ച കെ.എസ്.ആർ.ടി.സി.
ബസ് സർവ്വീസുകളുടെ വിവരം

2230 ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ നിയോജക മണ്ഡലത്തിലെ വിവിധ പ്രദേശങ്ങളിലേക്ക് പുതുതായി അനുവദിച്ച കെ.എസ്.ആർ.ടി.സി. ബസ്സ് സർവ്വീസുകളുടെ വിവരം ലഭ്യമാക്കുമോ;

(ബി) ഏതൊക്കെ പുതിയ ബസ്സ് സർവ്വീസുകളാണ് ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 18.12.2012-ലെ മറുപടിക്ക്

<u>കെ.എസ്.ആർ.ടി.സി. അങ്കമാലി ഡിപ്പോയിൽ നിന്നുള്ള ഷെഡ്യൂളുകൾ</u>

2231 ശ്രീ. ജോസ് തെറ്റയിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. അങ്കമാലി ഡിപ്പോയിൽ നിന്നും മുൻ സർക്കാരിന്റെ കാലത്ത് എത്ര ഷെഡ്യൂളുകൾ സർവ്വീസ് നടത്തിയിരുന്നു; ഏതെല്ലാം റൂട്ടുകളിലായിരുന്നു ; വ്യക്തമാക്കുമോ;

(ബി) നിലവിൽ എത്ര ഷെഡ്യൂളുകൾ സർവ്വീസ് നടത്തുന്നുണ്ട്; ഇത് ഏതെല്ലാം റൂട്ടുകളിലാണ്; വ്യക്തമാക്കാമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പുതുതായി ഷെഡ്യൂളുകൾ ആരംഭിച്ചിട്ടുണ്ടോ;

(ഡി) ഷെഡ്യൂളുകൾ റദ്ദാക്കുന്നത് തടയാൻ നടപടി സ്വീകരിക്കുമോ;

(ഇ) എങ്കിൽ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദീകരിക്കുമോ?

# കേരള നിയമസഭ
# 18.12.2012-ലെ മറുപടിക്ക്

<u>പൂത്തോട്ടറൂട്ടിൽ സർവ്വീസ് നടത്തുന്ന ലോഫ്ളോർ ബസുകൾ വൈക്കത്തേക്ക് നീട്ടാൻ നടപടി</u>

2232 ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എറണാകുളം കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ നിന്നും എറണാകുളം പൂത്തോട്ട റൂട്ടിൽ എത്ര ലോഫ്ളോർ ബസുകൾ സർവ്വീസ് നടത്തുന്നുണ്ട്; വ്യക്തമാക്കുമോ;

(ബി) ഈ റൂട്ടിൽ സർവ്വീസ് നടത്തുന്ന ലോഫ്ളോർ ബസുകളുടെ കിലോമീറ്റർ കണക്കാക്കിയുള്ള ശരാശരി വരുമാനം എത്ര; ഇത് കോർപ്പറേഷന് ലാഭകരമാണോ; വെളിപ്പെടുത്തുമോ;

(സി) എറണാകുളം-പൂത്തോട്ട റൂട്ടിൽ സർവ്വീസ് നടത്തുന്ന ലോ ഫ്ളോർ ബസുകൾ അടുത്ത പ്രധാന സ്റ്റേഷനായ വൈക്കത്തേക്ക് നീട്ടാൻ നടപടി സ്വീകരിക്കുമോ?

**കേരള നിയമസഭ**
**18.12.2012-ലെ മറുപടിക്ക്**

ആറ്റിങ്ങൽ, കിളിമാനൂർ ഡിപ്പോകളിൽ നിന്നും സർവ്വീസ് നടത്തുന്ന ബസ്സുകൾ

2233 ശ്രീ. ബി.സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2012-ൽ കിളിമാനൂർ കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ നിന്നും പുതുതായി എത്ര സർവ്വീസുകൾ ആരംഭിച്ചിട്ടുണ്ടെന്ന് റൂട്ടുകൾ ഉൾപ്പെടെ വിശദമാക്കാമോ;

(ബി) 2012-ൽ ആറ്റിങ്ങൽ കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ നിന്നും പുതുതായി എത്ര സർവ്വീസുകൾ ആരംഭിച്ചിട്ടുണ്ടെന്ന് റൂട്ടുകൾ ഉൾപ്പെടെ വിശദമാക്കാമോ;

(സി) 2012-ൽ ആറ്റിങ്ങൽ, കിളിമാനൂർ കെ.എസ്.ആർ.ടി.സി. ഡിപ്പോകളിൽ നിന്നുമുളള എത്ര സർവ്വീസുകൾ നിർത്തലാക്കിയിട്ടുണ്ടെന്നും അവ ഏതെല്ലാമെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 18.12.2012-ലെ മറുപടിക്ക്

<u>കായംകുളം ബസ്സ് ടെർമിനലും ഷോപ്പിംഗ് കോംപ്ലക്സും</u>

2234 ശ്രീ. സി. കെ. സദാശിവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കായംകുളം കെ.എസ്.ആർ.ടി.സി ഡിപ്പോയിൽ ബസ്സ് ടെർമിനലും ഷോപ്പിംഗ് കോംപ്ലക്സും നിർമ്മിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ;

(ബി) കായംകുളത്ത് നിന്നും പഴനിയിലേക്ക് ഒരു അന്തർ സംസ്ഥാന സർവ്വീസ് ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
# 18.12.2012-ലെ മറുപടിക്ക്

വയനാട് ജില്ലയിൽ അനുവദിച്ച കെ.എസ്.ആർ.ടി.സി ബസ്സുകൾ

2235 ശ്രീ. എം. വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ അധികാരമേറ്റ ശേഷം വയനാട് ജില്ലയിൽ എത്ര കെ.എസ്.ആർ.ടി.സി ബസ്സുകളും റൂട്ടുകളും അനുവദിച്ചു; നിയോജകമണ്ഡലം തിരിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ;

(ബി) കൽപ്പറ്റ നിയോജകമണ്ഡല പരിധിയിൽ കൂടി പുതിയ ബസ്സുകൾ/റൂട്ടുകൾ അനുവദിക്കണമെന്നാവശ്യപ്പെട്ട് നിവേദനങ്ങൾ ലഭിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(സി) ആയതിന്മേൽ എന്ത് നടപടികൾ സ്വീകരിച്ചു; വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 18.12.2012-ലെ മറുപടിക്ക്

<u>വയനാട്-മൈസൂർ യാത്രാ നിയന്ത്രണം</u>

2236 ശ്രീ. മാത്യു റ്റി. തോമസ്
,, ജോസ് തെറ്റയിൽ
ശ്രീമതി ജമീലാ പ്രകാശം
ശ്രീ. സി. കെ. നാണു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വയനാട്ടിൽ നിന്ന് ബന്ദിപ്പൂർ വഴി മൈസൂരിലേക്കുള്ള യാത്രയ്ക്ക് ഏർപ്പെടുത്തിയിട്ടുള്ള നിയന്ത്രണം പിൻവലിപ്പിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നു വ്യക്തമാക്കുമോ ;

(ബി) രാത്രികാലയാത്ര പുന:സ്ഥാപിക്കണമെന്ന സംസ്ഥാനത്തിന്റെ ആവശ്യത്തോട് കർണ്ണാടക സർക്കാർ പ്രതികരിച്ചിട്ടുണ്ടോ; എങ്കിൽ ഏതുവിധത്തിലെന്ന് വിശദമാക്കാമോ ;

(സി) പ്രസ്തുത വിഷയത്തിൽ സംസ്ഥാനങ്ങൾ തമ്മിൽ എന്തെങ്കിലും ചർച്ചകൾ നടന്നുവരുന്നുണ്ടോയെന്നു വെളിപ്പെടുത്തുമോ ?

# കേരള നിയമസഭ
## 18.12.2012-ലെ മറുപടിക്ക്

<u>ബസ് സ്റ്റേഷനിലെ സ്ത്രീകളുടെ കാത്തിരിപ്പു കേന്ദ്രം</u>

2237 ശ്രീ. എൻ. എ. നെല്ലിക്കുന്ന്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ബസ് സ്റ്റേഷനിലെ സ്ത്രീകളുടെ കാത്തിരിപ്പു കേന്ദ്രത്തിന്റെ നിർമ്മാണ പ്രവൃത്തി പൂർത്തീകരിച്ചുവോ ;

(ബി) ആയതിന്റെ ഉദ്ഘാടനം എന്ന് നിർവ്വഹിക്കാനാവുമെന്ന് വെളിപ്പെടുത്തുമോ ?

# കേരള നിയമസഭ
# 18.12.2012-ലെ മറുപടിക്ക്

കെ.എസ്.ആര്‍.ടി.സി ഡിപ്പോയില്‍ ഷോപ്പിംഗ് കോംപ്ലക്സ്

2238 ശ്രീ. സി. ദിവാകരന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഊര്‍ജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കരുനാഗപ്പള്ളി കെ.എസ്.ആര്‍.ടി.സി. ഡിപ്പോയില്‍ ഷോപ്പിംഗ് കോംപ്ലക്സ് നിര്‍മ്മിക്കുന്നതിന് ആരെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്;

(ബി) ഇതിന്റെ സാധ്യതാപഠനം പൂര്‍ത്തീകരിച്ചിട്ടുണ്ടോ; എങ്കില്‍ ആയതിന്റെ വിശദാംശം ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 18.12.2012-ലെ മറുപടിക്ക്

**അങ്കമാലി കെ.എസ്.ആർ.ടി.സി. സ്റ്റാന്റിലെ പ്രവേശന കവാടത്തിനുള്ള സ്ഥലമെടുപ്പ്**

2239 ശ്രീ. ജോസ് തെറ്റയിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അങ്കമാലി കെ.എസ്.ആർ.ടി.സി. സ്റ്റാന്റിലെ പ്രവേശന കവാടത്തിന്റെ നിർമ്മാണത്തിനായുള്ള സ്ഥലമെടുപ്പ് നടപടികളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ബി) ഇത് സംബന്ധിച്ച സർക്കാർ തലത്തിലുള്ള ഫയലുകളുടെ നിലവിലെ സ്ഥിതിയും വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 18.12.2012-ലെ മറുപടിക്ക്

ബസ് സ്റ്റോപ്പും ഫെയർസ്റ്റേജും

2240 ശ്രീ. പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊന്നാനി-ആൽത്തറ-ഗുരുവായൂർ റൂട്ടിൽ കെ.എസ്.ആർ.ടി.സി. സൂപ്പർഫാസ്റ്റ്, ടൗൺ ടു ടൗൺ ബസ്സുകൾക്ക് അനുവദിച്ചിരിക്കുന്ന സ്റ്റോപ്പുകളും, ഫെയർസ്റ്റേജ് കേന്ദ്രങ്ങളും വിശദമാക്കുമോ;

(ബി) കുണ്ടുകടവ് ജംഗ്ഷൻ കഴിഞ്ഞാൽ സൂപ്പർഫാസ്റ്റ്, ടൗൺടു ടൗൺ ബസുകൾക്ക് 12 കി.മീ. കഴിഞ്ഞുളള പെരുമ്പടപ്പിലാണ് അടുത്ത ഫെയർസ്റ്റേജ് എന്നതു കൊണ്ട് ജനങ്ങൾ ഏറെ ബുദ്ധിമുട്ടനുഭവിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ കുണ്ടുകടവ് ജംഗ്ഷൻ കഴിഞ്ഞാൽ മാറഞ്ചേരി അല്ലെങ്കിൽ എരമംഗലത്ത് ഫെയർസ്റ്റേജ് അനുവദിക്കുമോ;

(ഡി) പ്രസ്തുത റൂട്ടിലൂടെ തിരൂർ/കോഴിക്കോട് ഭാഗത്തേക്ക് കൂടുതൽ സർവ്വീസ് അനുവദിക്കുമോ?

# കേരള നിയമസഭ
## 18.12.2012-ലെ മറുപടിക്ക്

കെ.എസ്.ആർ.ടി.സി. ബസ് സ്റ്റാൻഡ് നിർമ്മാണം

2241 ശ്രീ. എ.പ്രദീപ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് നഗരത്തിലെ കെ.എസ്.ആർ.ടി.സി.യുടെ പുതിയ ബസ്സ് സ്റ്റാന്റ് നിർമ്മാണം ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ;

(ബി) ഇതിന്റെ നിർമ്മാണം പൂർത്തീകരിച്ച് പ്രവർത്തനം ആരംഭിക്കുന്നതിന് സമയം നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 18.12.2012-ലെ മറുപടിക്ക്

<u>കൂടുതൽ ബസ്സുകൾ അനുവദിക്കൽ</u>

2242 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തൊട്ടിൽപ്പാലം-കോഴിക്കോട് റൂട്ടിൽ ഇപ്പോൾ എത്ര കെ.എസ്.ആർ.ടി.സി ബസ്സുകൾ സർവ്വീസ് നടത്തുന്നുണ്ട് ;

(ബി) പ്രസ്തുത റൂട്ടിൽ ചെയിൻ സർവ്വീസ് നടത്തിയിരുന്ന ബസ്സുകൾ റദ്ദാക്കിയിട്ടുണ്ടോ ;

(സി) എങ്കിൽ അതിനുള്ള കാരണങ്ങൾ എന്താണെന്ന് വെളിപ്പെടുത്തുമോ ;

(ഡി) യാത്രക്കാരുടെ ബുദ്ധിമുട്ട് പരിഗണിച്ച് ഈ റൂട്ടിൽ കൂടുതൽ കെ.എസ്.ആർ.ടി.സി ബസ്സുകൾ സർവ്വീസ് നടത്താൻ നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 18.12.2012-ലെ മറുപടിക്ക്

<u>പുതിയ ബസ്സ്റൂട്ടുകൾ</u>

2243 ശ്രീ. എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2011 ജൂൺ മുതൽ 2012 നവംബർ വരെയുള്ള കാലയളവിൽ മഞ്ചേരി മണ്ഡലത്തിൽ അനുവദിച്ച ബസ്സ് റൂട്ടുകളുടെ വിശദാംശം ലഭ്യമാക്കാമോ ;

(ബി) അപേക്ഷകളിൽ എത്ര എണ്ണം അനുവദിച്ചു; അനുവദിക്കാത്തത് എത്ര ; വിശദാംശം നൽകുമോ ;

(സി) പുതിയ ബസ്സ് റൂട്ടുകൾ അനുവദിക്കാത്തതിന്റെ കാരണം വിശദമാക്കുമോ ;

(ഡി) പുതിയ റൂട്ടുകൾ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 18.12.2012-ലെ മറുപടിക്ക്

<u>വടക്കാഞ്ചേരി ഡിപ്പോയിലെ സർവ്വീസുകൾ</u>

2244 ശ്രീ. എ. കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പഴക്കംചെന്ന ബസ്സുകൾ മാത്രമുള്ളതിനാൽ കെ. എസ്. ആർ. ടി. സി. വടക്കഞ്ചേരി (പാലക്കാട്) ഡിപ്പോയിലെ സർവ്വീസുകളിൽ ഏറെയും വെട്ടിച്ചുരുക്കേണ്ടിവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഡിപ്പോയ്ക്ക് പുതിയ ബസ്സുകൾ അനുവദിക്കാൻ നടപടി സ്വീകരിക്കുമോ;

(സി) വടക്കാഞ്ചേരി ഡിപ്പോയിൽ നിന്നും തരൂർ വഴി തിരുവനന്തപുരത്തേക്ക് ഒരു പുതിയ സൂപ്പർ ഫാസ്റ്റ് സർവ്വീസും അതിനായി ബസ്സും അനുവദിക്കുമോ?

# കേരള നിയമസഭ
## 18.12.2012-ലെ മറുപടിക്ക്

<u>പുനലൂരിലെ കെ.എസ്.ആർ.ടി.സി സർവ്വീസുകൾ</u>

2245 ശ്രീ. കെ. രാജു

താഴെ കാണുന്ന ചോദ്യത്തിന്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

പുനലൂർ നിയോജകമണ്ഡലത്തിലെ വിവിധ മേഖലകളിൽ കെ.എസ്.ആർ.ടി.സി വിവിധ ഡിപ്പോകളിൽ നിന്ന് ഓപ്പറേറ്റ് ചെയ്യുന്ന ബസ് സർവ്വീസുകളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

# കേരള നിയമസഭ
# 18.12.2012-ലെ മറുപടിക്ക്

ബസ്സുകളിലെ ഡോറുകൾ തുറന്നു പോകുന്ന സംഭവം

2246 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ സ്വകാര്യ ബസ്സുകളിലെ ഓട്ടോമാറ്റിക് ഡോറുകൾ നിയന്ത്രണമില്ലാതെ തുറന്നു പോകുന്നതിനാൽ യാത്രക്കാരും മറ്റും വീണ് പരിക്കേൽക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ഓട്ടോമാറ്റിക് ഡോർ സംവിധാനം സംസ്ഥാനത്ത് എല്ലായിടത്തും സ്വകാര്യ ബസ്സുകളിൽ ഉപയോഗിച്ചുവരുന്നുണ്ടോ ;

(സി) ഇത്തരം ഡോറുകൾ ഒഴിവാക്കി നിലവാരമുള്ള ഡോറുകൾ ഘടിപ്പിക്കുന്നതിനും, യാത്രക്കാരുടെയും ബസ് ജീവനക്കാരുടെയും സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനും നടപടി സ്വീകരിക്കുമോ?

## കേരള നിയമസഭ
## 18.12.2012-ലെ മറുപടിക്ക്

<u>കെ.എസ്.ആർ.ടി.സി. ജീവനക്കാർക്ക് നേരെയുള്ള ആക്രമണം</u>

2247 ശ്രീ. കെ. കുഞ്ഞിരാമൻ(ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ കെ.എസ്.ആർ.ടി.സി. ജീവനക്കാർക്ക് നേരെയുള്ള ആക്രമണം വർദ്ധിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഈ സർക്കാർ അധികാരമേറ്റശേഷം ഇത്തരത്തിൽ എത്ര ആക്രമണങ്ങൾ ഉണ്ടായിട്ടുണ്ട് ; വിശദാംശം അറിയിക്കുമോ ;

(സി) ഇത് സംബന്ധിച്ച് എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; കേസ്സിലെ പ്രതികൾ ആരൊക്കെ; വിശദാംശം ലഭ്യമാക്കുമോ ;

(ഡി) ആക്രമണത്തിൽ പരിക്കേറ്റ ജീവനക്കാർക്ക് കെ.എസ്.ആർ.ടി.സി. സഹായം നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ ?

# കേരള നിയമസഭ
## 18.12.2012-ലെ മറുപടിക്ക്

ടൗൺ ടു ടൗൺ ബസ്സുകൾ

2248

ശ്രീ. സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗതാഗതവും ഊർജ്ജവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ - കാസർഗോഡ് റൂട്ടിൽ ആരംഭിച്ച ടൗൺ ടു ടൗൺ ബസ്സുകളിൽ എത്രയെണ്ണം ഇപ്പോൾ സർവ്വീസ് നടത്തുന്നുണ്ടെന്ന് ഡിപ്പോ തിരിച്ച് വിശദമാക്കാമോ; ഇപ്പോൾ ഓടിക്കൊണ്ടിരിക്കുന്ന ബസ്സുകളുടെ കാലപ്പഴക്കം വിശദമാക്കാമോ;

(ബി) വളരെ പഴക്കം ചെന്ന ടൗൺ ടു ടൗൺ ബസ്സുകൾ മാറ്റി പുതിയ ബസ്സുകൾ ഉപയോഗിച്ച് സർവ്വീസ് നടത്താൻ നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 18.12.2012-ലെ മറുപടിക്ക്

<u>തിരുവല്ല കെ.എസ്.ആർ.ടി.സി. ബസ് ടെർമിനൽ</u>

2249 ശ്രീ. മാത്യു റ്റി. തോമസ്

താഴെ കാണുന്ന ചോദ്യത്തിന്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

തിരുവല്ല കെ.എസ്.ആർ.ടി.സി. ബസ് ടെർമിനലിന്റെയും വ്യാപാര സമുച്ചയത്തിന്റെയും നിർമ്മാണം പൂർത്തീകരിച്ച് എന്ന് ഉദ്ഘാടനം ചെയ്യുവാൻ സാധിക്കും; വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 18.12.2012-ലെ മറുപടിക്ക്

<u>പയ്യന്നൂർ ഡിപ്പോയിലെ വാണിജ്യ സമുച്ചയ നിർമ്മാണം</u>

2250 ശ്രീ. സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിൽ പയ്യന്നൂർ കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ അനുവദിച്ച വാണിജ്യ സമുച്ചയത്തിന്റെ നിർമ്മാണ പ്രവർത്തനം ആരംഭിക്കാത്തതിനുള്ള കാരണം വിശദമാക്കുമോ;

(ബി) നിർമ്മാണ പ്രവർത്തനം എപ്പോൾ ആരംഭിക്കുമെന്ന് വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 18.12.2012-ലെ മറുപടിക്ക്

മാവേലിക്കര നിന്നുള്ള സർവ്വീസുകൾ

2251 ശ്രീ. ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മാവേലിക്കരയിൽ നിന്നും മൂന്നാറിലേക്ക് കെ.എസ്.ആർ.ടി. സി. സർവ്വീസ് തുടങ്ങുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ;

(ബി) മാവേലിക്കരയിൽ നിന്നും വരേണിക്കൽ വഴി ആരംഭിച്ച പുതിയ സർവ്വീസ് നിർത്തിവച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത സർവ്വീസ് അടിയന്തിരമായി പുനഃസ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(സി) മാവേലിക്കര മണ്ഡലത്തിൽ കൂടി കടന്നുപോകുന്ന പന്തളം-പടനിലം-ചുനക്കര സർവ്വീസ് പുനരാരംഭിക്കണം എന്ന എം.എൽ.എ.യുടെ അപേക്ഷ ലഭിച്ചിട്ടുണ്ടോ; ഇതിന്മേൽ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 18.12.2012-ലെ മറുപടിക്ക്

മാവേലിക്കര കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ ജീവനക്കാരുടെ കുറവ്

2252 ശ്രീ. ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യത്തിന്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

മാവേലിക്കര കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ മതിയായ ജീവനക്കാരില്ലാത്തതിനാൽ സർവ്വീസുകൾ നടത്താൻ കഴിയാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ജീവനക്കാരെ നിയമിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 18.12.2012-ലെ മറുപടിക്ക്

## വൈറ്റില ഹബ്ബിന് പുതിയ ഫെയർസ്റ്റേജ്

2253 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.യുടെ ബസ്സുകൾക്ക് വൈറ്റില ഹബ് ഫെയർസ്റ്റേജായി തീരുമാനിച്ചിട്ടുണ്ടോ; വൈറ്റില ഹബ്ബിൽ ഏതെല്ലാം ബസ്സുകൾക്ക് സ്റ്റോപ്പ് അനുവദിച്ചിട്ടുണ്ട് ; വൈറ്റില ഹബ്ബിൽ നിന്നും ചേർത്തല വരെ എത്ര കിലോമീറ്റർ ദൂരമുണ്ട് ; ഈ ദൂരത്തേയ്ക്ക് അമിത തുക ഫാസ്റ്റ് പാസഞ്ചർ ബസ്സുകൾ ഈടാക്കുന്നത് ബോധ്യപ്പെട്ടിട്ടുണ്ടോ ;

(ബി) വൈറ്റില ഹബ്ബിനെ പുതിയ ഫെയർസ്റ്റേജ് ആയി തീരുമാനിച്ച് ബസ്സ് ചാർജ്ജ് പുനക്രമീകരിക്കാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 18.12.2012-ലെ മറുപടിക്ക്

<u>കെ.എസ്.ആർ.ടിസി. സിറ്റി സർവ്വീസ്</u>

2254 ശ്രീ. എ. പ്രദീപ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് നഗരത്തിൽ കെ.എസ്.ആർ.ടി.സി സിറ്റി സർവ്വീസ് ആരംഭിക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ടോ;

(ബി) എങ്കിൽ ഇതുമായി ബന്ധപ്പെട്ട് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
# 18.12.2012-ലെ മറുപടിക്ക്

<u>വയനാട് ജില്ലയിലേക്കുള്ള യാത്രാ പ്രശ്നം</u>

2255 ശ്രീ. ഇ.കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നാദാപുരം മണ്ഡലത്തിലെ തൊട്ടിൽപാലം ഡിപ്പോയിൽ നിന്നും വയനാട് ജില്ലയിലേക്കുള്ള യാത്രാ ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ അത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ ;

(സി) ഈ റൂട്ടിലെ യാത്രക്കാരുടെ സുരക്ഷിതത്വം കണക്കിലെടുത്ത് പുതിയ ബസ്സുകൾ അനുവദിക്കുമോ ?

# കേരള നിയമസഭ
## 18.12.2012-ലെ മറുപടിക്ക്

<u>പാപ്പനംകോട് കെ.എസ്.ആർ.ടി.സി. ഡിപ്പോ</u>

2256 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നേമം നിയോജകമണ്ഡലത്തിലെ പാപ്പനംകോട് കെ.എസ്.ആർ.ടി.സി. ഡിപ്പോയെ ആധുനിക ബസ്ടെർമിനൽ ആക്കി മാറ്റുന്നതിനുള്ള നടപടി സ്വീകരിക്കുമോ ;

(ബി) എങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 18.12.2012-ലെ മറുപടിക്ക്

<u>കാസര്‍ഗോഡ് ഡിപ്പോയ്ക്ക് അനുവദിച്ച ബസ്സുകള്‍</u>

2257 ശ്രീ. ഇ. ചന്ദ്രശേഖരന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഊര്‍ജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കെ.എസ്.ആര്‍.ടി.സി. ഏറ്റവും പുതിയ ബസ്സുകള്‍ വാങ്ങിയത് എന്നാണെന്നും എത്രയാണെന്നും അറിയിക്കുമോ ;

(ബി) ഇതില്‍ കാസര്‍ഗോഡ് ഡിപ്പോയ്ക്ക് എത്രയെണ്ണമാണ് അനുവദിച്ചിരുന്നത് ;

(സി) സ്പെയര്‍ പാര്‍ട്ടുകളുടെ ക്ഷാമം മൂലം ബസ്സുകള്‍ സര്‍വ്വീസ് നടത്താതെയുണ്ടോ എന്നും എങ്കില്‍ എത്രയെന്നും അറിയിക്കുമോ ?

# കേരള നിയമസഭ
## 18.12.2012-ലെ മറുപടിക്ക്

പൊന്നാനി കെ.എസ്.ആർ.ടി.സി ഡിപ്പോയുടെ സമഗ്ര വികസനം

2258 ശ്രീ. പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊന്നാനി കെ.എസ്.ആർ.ടി.സി ഡിപ്പോയുടെ സമഗ്ര വികസനപ്രവർത്തനങ്ങൾക്കായി എം.എൽ.എ. ആസ്തി വികസന ഫണ്ടിൽ നിന്നുള്ള ഒരു കോടി രൂപയുടെ പദ്ധതികൾ പ്രാവർത്തികമാക്കുന്നതിനുള്ള നടപടിക്രമങ്ങൾ വിശദീകരിക്കാമോ ;

(ബി) കെ.എസ്.ആർ.ടി.സി സിവിൽ വിംഗ് കെട്ടിടത്തിന്റെ രൂപരേഖ തയ്യാറാക്കിയിട്ടുണ്ടോ ; ഇതുമായി ബന്ധപ്പെട്ട് നടന്നിട്ടുള്ള മറ്റ് പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ ;

(സി) പ്രസ്തുത ഡിപ്പോയുടെ സ്ഥലം അളന്നുതിട്ടപ്പെടുത്തി വഴിക്കുള്ള സ്ഥലം വിട്ടുകൊടുക്കാനും ബാക്കിയുള്ള സ്ഥലം ചുറ്റുമതിൽ കെട്ടി സംരക്ഷിക്കാനുമുള്ള തീരുമാനം നടപ്പാക്കിയിട്ടുണ്ടോ ; വിശദമാക്കാമോ ?

# കേരള നിയമസഭ
## 18.12.2012-ലെ മറുപടിക്ക്

കുട്ടനാട്ടിലേക്ക് പുതിയ കെ.എസ്.ആർ.ടി.സി ബസ് സർവ്വീസുകൾ

2259 ശ്രീ. തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സിയുടെ വിവിധ ഡിപ്പോകളിൽ നിന്നും കുട്ടനാട്ടിലേക്കുള്ള ഏതെല്ലാം പുതിയ സർവ്വീസുകൾക്കാണ് ഫീസിബിലിറ്റി ലഭ്യമാക്കി അപേക്ഷ സമർപ്പിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ബി) കുട്ടനാട്ടിലേക്കു പുതിയ കെ.എസ്.ആർ.ടി.സി സർവ്വീസുകൾ ആരംഭിക്കുന്നതിന് ആവശ്യമായ ബസുകൾ അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(സി) എടത്വ ഡിപ്പോയുടെ ശോചനീയാവസ്ഥ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 18.12.2012-ലെ മറുപടിക്ക്

<u>വര്‍ദ്ധിച്ചുവരുന്ന വാഹനാപകടങ്ങള്‍</u>

2260 ശ്രീ. പി. കെ. ബഷീര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഊര്‍ജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് വര്‍ദ്ധിച്ചുവരുന്ന വാഹനാപകടങ്ങള്‍ ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ബി) ട്രാഫിക് നിയമലംഘനങ്ങള്‍ കൃത്യമായി കണ്ടുപിടിച്ച് ശിക്ഷിക്കുന്നതിലുള്ള വീഴ്ച അപകടങ്ങള്‍ വര്‍ദ്ധിക്കുന്നതിന് കാരണമായിട്ടുണ്ടോ; ആവശ്യത്തിന് ഫീല്‍ഡ് സ്റ്റാഫ് ഇപ്പോള്‍ മോട്ടോര്‍ വാഹന വകുപ്പിലുണ്ടോ;

(സി) വര്‍ദ്ധിച്ചുവരുന്ന വാഹനാപകടങ്ങള്‍ തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 18.12.2012-ലെ മറുപടിക്ക്

<u>വാഹന അപകടങ്ങൾ നിയന്ത്രിക്കുന്നതിനുള്ള നടപടി</u>

2261 ശ്രീ. വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വാഹന അപകടങ്ങൾ വർദ്ധിച്ചു വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) വാഹന അപകടങ്ങൾ നിയന്ത്രിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശം നൽകുമോ ;

(സി) ലൈസൻസ് ഇല്ലാതെയും, മദ്യപിച്ചും വാഹനം ഓടിക്കുന്നവരെ കണ്ടെത്താനുള്ള നടപടികൾ വിശദമാക്കുമോ ;

(ഡി) 2011-12 വർഷത്തിൽ സംസ്ഥാനത്ത് വാഹന അപകടങ്ങളിൽ എത്ര പേർ മരണപ്പെട്ടിട്ടുണ്ട് ; വിശദാംശം ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 18.12.2012-ലെ മറുപടിക്ക്

<u>മോട്ടോർ വാഹനങ്ങളുടെ എണ്ണം</u>

2262 ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആകെ എത്ര മോട്ടോർ വാഹനങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(ബി) ഒരു വർഷം ശരാശരി എത്ര വാഹനങ്ങൾ രജിസ്റ്റർ ചെയ്യപ്പെടുന്നുവെന്ന് കണക്കാക്കിയിട്ടുണ്ടോ;

(സി) 2011 ജനുവരി മുതൽ ഡിസംബർ 31 വരെ സംസ്ഥാനത്താകെ രജിസ്റ്റർ ചെയ്യപ്പെട്ട ടൂവീലേഴ്സ്, ത്രീവീലേഴ്സ്, ഫോർവീലേഴ്സ് എന്നിവയുടെ ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ?

## കേരള നിയമസഭ
## 18.12.2012-ലെ മറുപടിക്ക്

<u>കേരളത്തിൽ രജിസ്റ്റർ ചെയ്യുന്ന വാഹനങ്ങളുടെ എണ്ണം</u>

2263 ശ്രീ. മാത്യു.റ്റി തോമസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ രജിസ്റ്റർ ചെയ്യുന്ന വാഹനങ്ങളുടെ എണ്ണം ക്രമാതീതമായി പെരുകുന്നത് ഒരു സാമൂഹിക പ്രശ്നമായി സർക്കാർ വിലയിരുത്തിയിട്ടുണ്ടോ;

(ബി) ഗതാഗതകുരുക്ക്, അന്തരീക്ഷ മലിനികരണം, റോഡപകടങ്ങളിലെ വർദ്ധനവ് എന്നീ പ്രശ്നങ്ങൾ വാഹനങ്ങളുടെ എണ്ണപ്പെരുപ്പവുമായി ബന്ധപ്പെടുത്തി എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 18.12.2012-ലെ മറുപടിക്ക്

<u>ഡ്രൈവിംഗ് ലൈസന്‍സ് ബാഡ്ജ് നല്‍കുന്നതിനുള്ള</u>
<u>വിദ്യാഭ്യാസ യോഗ്യത</u>

2264 ശ്രീ. കെ. കെ. നാരായണന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഊര്‍ജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഡ്രൈവിംഗ് ലൈസന്‍സിന്റെ ബാഡ്ജ് നല്‍കുന്നതിന് മിനിമം വിദ്യാഭ്യാസ യോഗ്യത നിശ്ചയിച്ചത് മുന്‍കാല ഡ്രൈവര്‍മാര്‍ക്കും തടസ്സമായിരിക്കുന്നത് ശ്രദ്ധയില്‍ പ്പെട്ടിട്ടുണ്ടോ;

(ബി) 8-ാം ക്ലാസ് യോഗ്യത ഇല്ലാതെ മുന്‍പ് ലൈസന്‍സ് എടുത്തിട്ടുള്ള ഡ്രൈവര്‍മാര്‍ക്ക് ബാഡ്ജ് നല്‍കുന്ന കാര്യം സര്‍ക്കാര്‍ പരിഗണിക്കുമോ ; വിശദാംശം ലഭ്യമാക്കാമോ ?

# കേരള നിയമസഭ
## 18.12.2012-ലെ മറുപടിക്ക്

<u>മോട്ടോർ വാഹന വകുപ്പിലേക്ക് ഇന്റർ ഡിപ്പാർട്ട്മെന്റൽ ട്രാൻസ്ഫർ</u>

2265

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിവിധ വകുപ്പുകളിൽ ജോലി ചെയ്യുന്ന ക്ലറിക്കൽ ജീവനക്കാർക്ക് മോട്ടോർ വാഹന വകുപ്പിലേക്ക് ഇന്റർ ഡിപ്പാർട്ട്മെന്റൽ ട്രാൻസ്ഫർ നൽകുന്നതിന് എന്തെങ്കിലും തടസ്സം നിലനിൽക്കുന്നുണ്ടോ;

(ബി) എങ്കിൽ ഓട്ടോമൊബൈൽ-മെക്കാനിക്കൽ-എഞ്ചിനീയറിംഗിൽ സാങ്കേതിക വിദ്യാഭ്യാസ യോഗ്യതയുള്ള ക്ലറിക്കൽ ജീവനക്കാർക്കെങ്കിലും മോട്ടോർ വാഹന വകുപ്പിലേയ്ക്ക് മാറ്റം നൽകുന്നതിന് വ്യവസ്ഥകളിൽ ഇളവു നൽകുന്ന കാര്യം സർക്കാർ പരിഗണിക്കുമോ എന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 18.12.2012-ലെ മറുപടിക്ക്

<u>പുതുതായി ഓപ്പറേറ്റിംഗ് സെന്ററുകൾ</u>

2266

ശ്രീ. മോൻസ് ജോസഫ്

താഴെ കാണുന്ന ചോദ്യത്തിന്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് ഗതാഗത വകുപ്പ് എവിടെയൊക്കെയാണ് പുതുതായി ഓപ്പറേറ്റിംഗ് സെന്ററും ഡിപ്പോയും ആരംഭിക്കാൻ ഉദ്ദേശിക്കുന്നത് ?

# കേരള നിയമസഭ
## 18.12.2012-ലെ മറുപടിക്ക്

ഓട്ടോറിക്ഷകളിൽ മീറ്റർ ഘടിപ്പിക്കൽ

2267 ശ്രീ. എൻ. എ. നെല്ലിക്കുന്ന്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മുൻസിപ്പൽ പ്രദേശങ്ങളിൽ സവാരി നടത്തുന്ന ഓട്ടോറിക്ഷകളിൽ മീറ്റർ ഘടിപ്പിച്ചിരിക്കണമെന്ന് വ്യവസ്ഥ നിലവിലുണ്ടോ ;

(ബി) എങ്കിൽ കാസർഗോഡ് മുൻസിപ്പാലിറ്റിയിലെ ഓട്ടോറിക്ഷകളിൽ മീറ്റർ ഘടിപ്പിച്ചിട്ടില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഈ പ്രദേശത്തെ ഓട്ടോ റിക്ഷകളിലും മീറ്റർ ഘടിപ്പിക്കുവാൻ നിർദ്ദേശം നല്കുമോ ?

**കേരള നിയമസഭ**
**18.12.2012-ലെ മറുപടിക്ക്**

<u>അങ്കമാലി സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ്</u>

2268 ശ്രീ. ജോസ് തെറ്റയിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അങ്കമാലി ജോയിന്റ് ആർ.ടി.ഓഫീസിലെ ജീവനക്കാരുടെ കുറവ് പരിഹരിക്കുന്നതിനും ഓഫീസിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും നടപടി സ്വീകരിക്കുമോ;

(ബി) പുതിയതായി രൂപീകരിച്ച 8 സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകളിൽ അനുവദിച്ച തസ്തികകൾ, അങ്കമാലിയിലും അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 18.12.2012-ലെ മറുപടിക്ക്

<u>ജലഗതാഗതവകുപ്പിന്റെ പ്രവര്‍ത്തനങ്ങള്‍</u>

2269 ശ്രീ. എം.എ. ബേബി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഊര്‍ജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാന ജലഗതാഗതവകുപ്പിന്റെ പ്രവര്‍ത്തനങ്ങള്‍ ഈ സര്‍ക്കാര്‍ വിലയിരുത്തിയിട്ടുണ്ടോ; എങ്കില്‍ വിശദമാക്കുമോ;

(ബി) കരമാര്‍ഗ്ഗം യാത്രാ സൗകര്യങ്ങള്‍ കുറഞ്ഞതും, പാവപ്പെട്ടവര്‍ അധിവസിക്കുന്നതുമായ മേഖലയിലേക്ക് സര്‍വ്വീസ് നടത്തുന്നതുകൊണ്ട് പ്രസ്തുത വകുപ്പിന്റെ കാര്യക്ഷമത ഉറപ്പിക്കാന്‍ സര്‍ക്കാര്‍ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 18.12.2012-ലെ മറുപടിക്ക്

<u>സംസ്ഥാനത്തെ ജലഗതാഗത വകുപ്പിന്റെ പ്രവര്‍ത്തനങ്ങള്‍</u>

2270 ശ്രീ. സാജു പോള്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഊര്‍ജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്തെ ജലഗതാഗത വകുപ്പിന്റെ പ്രവര്‍ത്തനങ്ങള്‍ താളം തെറ്റിയതുമൂലം ജനങ്ങള്‍ക്കുണ്ടാകുന്ന ബുദ്ധിമുട്ടുകള്‍ ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത വകുപ്പിനെ കാലാനുസൃതമായി പരിഷ്ക്കരിക്കുന്നതിനും, കൂടുതല്‍ ഷെഡ്യൂള്‍ ആരംഭിക്കുന്നതിനും, ബോട്ടുകളുടെയും, റൂട്ടുകളുടെയും എണ്ണം വര്‍ദ്ധിപ്പിക്കുന്നതിനും അടിയന്തിര നടപടി സ്വീകരിക്കുമോ?

## കേരള നിയമസഭ
## 18.12.2012-ലെ മറുപടിക്ക്

<u>ജലഗതാഗത വകുപ്പിൽ ഇ-ഗവേർണൻസ്</u>

2271 ശ്രീ.കെ. മുരളീധരൻ
,, അൻവർ സാദത്ത്
,, ലൂഡി ലൂയിസ്
,, ആർ. സെൽവരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജലഗതാഗത വകുപ്പിൽ ഇ-ഗവേർണൻസ് ഏർപ്പെടുത്തിയിട്ടുണ്ടോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളും പ്രവർത്തന രീതിയുടെ വിശദാംശങ്ങളും ലഭ്യമാക്കുമോ;

(സി) എന്തെല്ലാം സൗകര്യങ്ങളാണ് പൊതുജനങ്ങൾക്ക് ഇതുവഴി ലഭിക്കുന്നത്; വിശദമാക്കുമോ;

(ഡി) ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് ആയത് നടപ്പാക്കുന്നത്; വിശദമാക്കുമോ?

# കേരള നിയമസഭ
## 18.12.2012-ലെ മറുപടിക്ക്

<u>വൈക്കം തവണക്കടവ് ബോട്ട് സർവ്വീസ്</u>

2272 ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വൈക്കം തവണക്കടവ് സർവ്വീസിനായി എത്ര ബോട്ടുകൾ അനുവദിച്ചിട്ടുണ്ട് ; വ്യക്തമാക്കുമോ;

(ബി) അവിടേയ്ക്ക് അനുവദിച്ചിട്ടുള്ള ബോട്ടുകളുടെ കാലപ്പഴക്കം എത്ര; വെളിപ്പെടുത്തുമോ ;

(സി) പ്രസ്തുത ബോട്ട് സർവ്വീസ് ലാഭകരമാണോ ;വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത സർവ്വീസിന് കൂടുതൽ ബോട്ടുകൾ അനുവദിക്കാനുള്ള നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 18.12.2012-ലെ മറുപടിക്ക്

<u>പെരുമ്പള ബോട്ട് മെക്കാനിക്ക് യൂണിറ്റ് സ്ഥാപിക്കുന്ന നടപടി</u>

2273 ശ്രീ. എ.എം. ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പെരുമ്പള, തവണക്കടവ്, പൂത്തോട്ട, വൈക്കം, മുഹമ്മ തുടങ്ങിയ ബോട്ട് ജട്ടികളിലെ ബോട്ടുകൾ കേടാകുന്നതു മൂലം സർവ്വീസുകൾ മുടങ്ങുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കേടാകുന്ന ബോട്ടുകൾ ആലപ്പുഴയിൽ കൊണ്ടുപോയി റിപ്പയർ നടത്തി തിരികെ ലഭിക്കുന്നതിന് താമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പെരുമ്പള പഞ്ചായത്ത് വിട്ടുനൽകാമെന്ന് സമ്മതിച്ചിട്ടുള്ള സ്ഥലത്ത് ഒരു ബോട്ട് മെക്കാനിക്ക് യൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?